ശ്രീ. സി. എ. മാത്യു: ഏതെല്ലാം രാജ്യങ്ങളിലാണ് അയയ്ക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായി ഇംഗ്ലണ്ടിലേയ്ക്ക്.

ശ്രീ. സി. എ. മാത്യു: ഏതുപയോഗത്തിനുവേണ്ടിയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില വ്യവസായങ്ങൾക്കു വേണ്ടി.

ശ്രീ. വി. ശ്രീധരൻ: പ്രാരംഭസഹായം നടത്തിയത് ഈ ഗവണ്മെൻറാണോ, കേന്ദ്രഗവണ്മെൻറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവണ്മെൻറ്.

വർദ്ധിച്ചുവരുന്ന ബസ്സപകടങ്ങൾ.

* 376. [3] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് അടിക്കടി വർദ്ധിച്ചുവരുന്ന ബസ്സപകടങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1955 ജനുവരി മുതൽ ഇന്നുവരെ ആകെ എത്ര ബസ്സപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഈ ബസ്സപകടങ്ങൾ മൂലം മരണമടഞ്ഞവരുടെയും, പരുക്കേറ്റവരുടെയും സംഖ്യ എത്ര;

(ഡി) ഈ ബസ്സപകടങ്ങളെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണ്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ബസ്സപകടങ്ങൾ അടിക്കടി വർദ്ധിച്ചുവരുന്നതായി കാണുന്നില്ല.

(ബി) 1-1-1955 മുതൽ 31-7-1955 വരെ 119.

(സി) മരണമടഞ്ഞവർ 19, അപകടം പറ്റിയവർ 205.

(ഡി) പോലീസ് വേണ്ട സത്വര നടപടികളും നടത്തിയിട്ടുണ്ട്.

(ഇ) ഡ്രൈവറന്മാരുടെ കുറ്റംകൊണ്ടാണെന്നു തോന്നിയ കേസുകളിൽ ചാർജ്ജുചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇങ്ങനെ അപകടങ്ങൾ ഉണ്ടായിട്ടുള്ളത് വാഹനങ്ങളുടെ കുറ്റംകൊണ്ടാണോ, ഡ്രൈവറന്മാരുടെ കുറ്റംകൊണ്ടാണോ?

ശ്രീ. കെ. ഐ. വേലായുധൻ: രണ്ടും കൊണ്ടാവാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 119 ബസ്സപകടങ്ങൾ ഉണ്ടാവുകയും, 19 പേർ മരിക്കുകയും, 205 പേർക്ക് പരുക്കുപറ്റുകയും ചെയ്തിട്ടും ബസ്സപകടങ്ങൾ കുറവാണെന്നു മനസ്സിലാക്കിയതു് എങ്ങനെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. വേലായുധൻ : മുൻകൊല്ലങ്ങളിലുണ്ടായിട്ടുള്ള അപകടങ്ങളുമായി താരതമ്യേന കുറവാണെന്നു തോന്നിയതുകൊണ്ടാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ബസ്സപകടങ്ങളെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണു്?

ശ്രീ. കെ. എ. വേലായുധൻ : പ്രൈവറ്റ്ബസ്സുകളെ സംബന്ധിച്ചിടത്തോളം പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരും സ്റ്റേറ്റ് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമുള്ളവ ആ ഡിപ്പാർട്ടുമെൻറിലെ പ്രത്യേക ഉദ്യോഗസ്ഥന്മാരുമാണു്.

ശ്രീ. സി. എ. മാത്യു : രണ്ടു ബസ്സു സർവ്വീസുകളുടെ കാമ്പറ്റീഷൻ മൂലം മോട്ടാർ അപകടങ്ങൾ സംഭവിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. എ. വേലായുധൻ : അറിയാം.

ശ്രീ. സി. എ. മാത്യു : അതിനെ തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എ. വേലായുധൻ : നിവാരണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. ചാത്തൻ : മോട്ടാർ അപകടത്തിൽപ്പെട്ടു് അപകടം സംഭവിക്കുന്നവരുടെ ബന്ധുക്കൾക്കും മറ്റും നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കു് എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. എ. വേലായുധൻ : ഉണ്ടു്. തേഡ് പാർട്ടി ഇൻഷ്വറൻസ് സ്കീമുകൾ ചിട്ടുണ്ടു്. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൽ ഈ വിഷയത്തിലേയ്ക്കു് പ്രത്യേക വകുപ്പു് ഉണ്ടാക്കിയിട്ടുണ്ടു്. പ്രൈവറ്റ ബസ്സുകൾക്കും ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൽ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. സി. ജാഫ്ഫു് : ആക്സിഡൻറ് തടയുന്നതിനു നടപടി സ്വീകരിച്ചിട്ടുള്ളതായി പറഞ്ഞു. അതു് എന്തു നടപടിയാണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. എ. വേലായുധൻ : ഇടയ്ക്കിടയ്ക്കു് ഇൻസ്പെക്ഷൻ നടത്തുന്നുണ്ടു്, ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്, കൂടക്കൂടെ ബസ്സുകൾ ടെസ്റ്റുചെയ്യുന്നുണ്ടു്, ഓവർലോഡ് നിയന്ത്രിച്ചിട്ടുണ്ടു്, റോഡുകളുടെ കർവ് ശരിയാക്കുന്നുണ്ടു്. ഇങ്ങനെ പലതരത്തിൽ നടത്തുന്നുണ്ടു്.

ശ്രീ. സി. എ. മാത്യു : സർവീസു നടത്തുന്ന ബസ്സുകൾ ശരിയായ സമയത്തിനുതന്നെ പുറപ്പെടാതെ, ആവശ്യത്തിലധികം വേഗത്തിൽ ഓടിക്കുന്നതുകൊണ്ടു് അപകടം ഉണ്ടാകുമെന്നറിയാമോ?

ശ്രീ. കെ. എ. വേലായുധൻ : ശരിയായ സമയത്തിനു പുറപ്പെടുന്നതിൽ ശ്രദ്ധകാണിക്കുന്നുവെന്നാണു് എന്റെ അറിവു്.

ശ്രീ. സി. എ. മാത്യു : ഒരു റൂട്ടിൽത്തന്നെ, ഒരേസമയത്തു് ബസ്സു പുറപ്പെടുന്നതിനു പല സർവീസുകാർക്കും അനുവാദം കൊടുക്കുന്നതുകൊണ്ടു് കാമ്പറ്റീഷൻ കൂടുതലായി ഉണ്ടാകുമെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ അനുവാദം നൽകിയിട്ടുണ്ടെന്നു തോന്നുന്നില്ല

ശ്രീ. പി. കെ. ചാത്തൻ : അങ്ങിനെ അനുവാദം നൽകിയിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടുത്തിയാൽ അവർക്കു കൊടുത്തിട്ടുള്ള അനുവാദം പിൻവലിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് എളുപ്പം സാദ്ധ്യമല്ല.

ശ്രീ. പ്രാക്കുളം ഭാസി : തേഡ് പാർട്ടി ഇൻഷ്വറൻസ് വകുപ്പനം, അപകടത്തിൽപ്പെട്ടവരുന്നവരുടെ ബന്ധുക്കൾക്കും മറ്റും ലഭിക്കാൻ വളരെ താമസം നേരിടുന്നതു് എന്താണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് ബന്ധുക്കൾ തമ്മിലുള്ള അവകാശത്തർക്കങ്ങളും മറ്റും ഉണ്ടാകുന്നതുകൊണ്ടാണു്. അവകാശ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കാനും താമസം നേരിടുന്നതുകൊണ്ടും മറ്റുമായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങിനെ റിക്കാർഡുകളും എല്ലാം ശരിയായ സമയത്തിനു ഹാജരാക്കിയിട്ടും പണം കിട്ടിയിട്ടില്ലാ എന്നു പരാതികളും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ചില പരാതികളും കിട്ടിയിട്ടുണ്ടു്. അവയെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : സ്വരാജ് മോട്ടോഴ്സുവക കോട്ടയം-കുമിളി സർവീസിൽ ഉണ്ടായ ഒരു അപകടത്തിൽ അവകാശികളെ സംബന്ധിച്ചിടത്തോളം തക്കം ഇല്ലാതിരുന്നിട്ടും കാമ്പൻസേഷൻ നൽകുന്നകാര്യം തീരുമാനിക്കപ്പെടാത്തതെന്താണു്?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസുകൂടാതെ അതിനു ഉത്തരം പറയാൻ സാദ്ധ്യമല്ല.

അഴിമതികൾ.

* 377. [4] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തി പണിതുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മേജർ ഇറിഗേഷൻ പ്രോജക്റ്റുകളിൽ ഉദ്യോഗസ്ഥന്മാരുടേയും കണ്ട്രാക്ടർമാരുടേയും ഭാഗത്തുനിന്നും അഴിമതികൾ ഉണ്ടാകാതെ സൂക്ഷിക്കുന്നതിനു് ഏതെങ്കിലും വിധത്തിലുള്ള മുൻകരുതലുകൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) നെയ്യാർ ഡാം കൺസ്ട്രക്ഷൻ ഫീൽഡിൽ നിന്നും ഉദ്യോഗസ്ഥ അഴിമതികളെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ലേ ;

(സി) ഇതേപ്പറ്റി നിഷ്കൃഷ്ടമായ ഒരന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മേജർ ഇറിഗേഷൻ പ്രോജക്റ്റുകളെമാത്രം ഉദ്ദേശിച്ചു്, പ്രത്യേക മുൻകരുതലുകൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. അഴിമതി

LIBRARY ARCHIVES Kerala Legislative Assembly